## പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2268 | 05.12.2018 ൽ മറുപടിയ്ക്ക് |
|---|---|
| **അരൂർ മണ്ഡലത്തിലെ പാണാവള്ളി പഞ്ചായത്തിൽ മാതൃക അംഗൻവാടി** | |
| ചോദ്യം | മറുപടി |
| **ശ്രീ. എ. എം. ആരിഫ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| (എ) അരൂർ മണ്ഡലത്തിലെ പാണാവള്ളി പഞ്ചായത്തിൽ നിർമ്മിക്കുന്നതിനായുള്ള മാതൃക അംഗൻവാടിക്ക് എത്ര രൂപയാണ് എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുള്ളത്; ആയതിലേക്ക് എം.എൽ.എ ഫണ്ട് വിഹിതം എത്രയാണ്; | (എ) അരൂർ മണ്ഡലത്തിലെ പാണാവള്ളി പഞ്ചായത്തിലെ 65-ാം നമ്പർ മോഡൽ അങ്കണവാടിയുടെ എസ്റ്റിമേറ്റ് തുക 30 ലക്ഷം രൂപയാണ് കണക്കാക്കിയിട്ടുള്ളത്. ആയതിലേയ്ക്ക് MLA ഫണ്ട് വിഹിതമായി 13 ലക്ഷം രൂപ വഹിക്കാമെന്ന് പ്രസ്തുത നിയോജക മണ്ഡലം MLA അറിയിച്ചിട്ടുണ്ട്. |
| (ബി) ഇത് സംബന്ധിച്ച് എം.എൽ.എ ഫണ്ട് വിഹിതത്തിനായുള്ള കത്തും മറ്റ് രേഖകളും എല്ലാം സമർപ്പിച്ചിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത പ്രവർത്തിക്ക് ഭരണാനുമതി നൽകി നിർമ്മാണം ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധിച്ച് എത്രയും വേഗം ഭരണാനുമതി നൽകി നിർമ്മാണം ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | (ബി) ഈ വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ